**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2167** **11-10-2021 - ൽ മറുപടിയ്ക്ക്**

**പാറശാല മണ്ഡലത്തിലെ സ്മാർട്ട്അങ്കണവാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സമഗ്ര ശിശുവികസന പരിപാടിയുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിൽ എത്ര അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികളാക്കി ഉയർത്തിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (എ) | സമഗ്ര ശിശു വികസന പരിപാടിയുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിൽ അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളാക്കി ഉയർത്തുന്നതിന് വകുപ്പിൽ നിന്നും അനുമതിയൊന്നും നൽകിയിട്ടില്ല. |
| (ബി) | സ്മാർട്ട് അങ്കണവാടികളിൽ കുട്ടികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ; | (ബി) | സ്മാർട്ട് അങ്കണവാടികളിൽ എത്തുന്ന കുട്ടികളുടെ മാനസികവും ശാരീരികവുമായ വികാസത്തിന് ആവശ്യമായ എല്ലാ ആധുനിക സൗകര്യങ്ങളും ഉൾപ്പെടുത്തിയാണ് സ്മാർട്ട് അങ്കണവാടി പ്ലാൻ രൂപകല്പന ചെയ്തിട്ടുള്ളത്. സ്മാർട്ട് അങ്കണവാടികളിൽ ക്ലാസ്സ് റൂം, ഔട്ട്ഡോർ പ്ലേ ഏരിയ, ഇൻഡോർ പ്ലേ ഏരിയ, കിച്ചൻ, ക്രിയേറ്റിവ് സോൺ, ഡൈനിങ്ങ് ഏരിയ, കുട്ടികൾക്കും മുതിർന്നവർക്കും പ്രത്യേകം വാഷ് റൂം തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | സ്മാർട്ട് അങ്കണവാടി ആയി ഉയർത്തുന്നതിന് പ്രൊപ്പോസൽ നൽകിയിട്ടുള്ള പ്രസ്തുത മണ്ഡലത്തിലെ അങ്കണവാടികൾ പൂർണ്ണ തോതിൽ സ്മാർട്ട് അങ്കണവാടികളായി പ്രവർത്തനസജ്ജമായിട്ടുണ്ടോ; ഇവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (സി) | സ്മാർട്ട് അങ്കണവാടി ആയി ഉയർത്തുന്നതിന് പാറശ്ശാല മണ്ഡലത്തിൽ നിന്നും പ്രൊപ്പോസൽ ഒന്നും ലഭ്യമായിട്ടില്ല. |
| (ഡി) | മണ്ഡലത്തിലെ കൂടുതൽ അങ്കണവാടികൾ ഇപ്രകാരം ഉയർത്തുന്നതിന് വേണ്ടനടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ; | (ഡി) | മണ്ഡലത്തിലെ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാക്കി നിശ്ചിത തുക LSGD വിഹിതമായി കണ്ടെത്തുന്ന പക്ഷം വകുപ്പ് വിഹിതം കൂടി ഉറപ്പാക്കി സർക്കാർ അനുമതിയ്ക്ക് വിധേയമായി കെട്ടിട നിർമ്മാണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | പാറശാലമണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര അങ്കണവാടികൾ ഉണ്ടെന്നുള്ള | (ഇ) | പാറശ്ശാല മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികളുടെ പഞ്ചായത്ത് |

| | | | |
|---|---|---|---|
| | വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | | അടിസ്ഥാനത്തിലുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | ഐ.സി.ഡി.എസ് പ്രോജക്ട് | പഞ്ചായത്ത് | ആകെ അങ്കണവാടികളുടെ എണ്ണം | സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികളുടെ എണ്ണം |
|---|---|---|---|---|
| 1 | പാറശാല | പാറശാല | 48 | 15 |
| 2 | പെരുങ്കടവിള | കൊല്ലയിൽ | 28 | 14 |
| | | കുന്നത്തുകാൽ | 30 | 13 |
| | | വെള്ളറട | 34 | 1 |
| | | അമ്പൂരി | 24 | 4 |
| 3 | പെരുങ്കടവിള അഡീഷണൽ | പെരുങ്കടവിള | 25 | 7 |
| | | ആര്യൻകോട് | 31 | 15 |
| | | ഒററശേഖരമംഗലം | 22 | 6 |
| | | കള്ളിക്കാട് | 20 | 5 |
| ആകെ | | | 262 | 80 |

Section Officer